
little
KITEs
E-എഴുത്ത്
അക്ഷരങ്ങളൂടെ കടലിലൂടെ
ഒരു മുങ്ങിക്കപ്പൽ
POPE PIUS XI HSS BHARANICKAVU

പോപ് പയസ് ലിറ്റിൽ കൈറ്റ്സ് നേതൃത്വത്തിൽ കുട്ടികൾ ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ മുമ്പിൽ സവിനയം സമർപ്പിക്കുന്നു.

# സന്ദേശം



കറ്റാനം പോപ്പ് പയസ് സ്കൂൾ കുട്ടികളുടെ നേതൃത്വത്തിൽ എഴുതുന്ന E-എഴുത്ത്  മാസികയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു ... കഥയും കവിതയുമൊക്കെ പാഠ്യപദ്ധതിയുടെ ഭാഗമാകുമ്പോൾ കുട്ടികൾ എഴുത്തിലൂടെ നാടിനെ , ഈ സമൂഹത്തെ കണ്ടെത്താനുള്ള ശ്രമമാണ് ഈ മാസികയിലൂടെ സാധ്യമാക്കുന്നത് .ഈ മാസിക അടയാളപ്പെടുത്തുന്നത് കുട്ടികളുടെ സർഗ്ഗശേഷിയാണ് . കുട്ടികളുടെ സർഗ്ഗവാസന വളർത്തിയെടുക്കുന്നതിന് ഈ E-എഴുത്ത് മാസിക ഫലപ്രദമായി പ്രയോജനപ്പെടുത്തട്ടെ എന്ന് ആശംസിക്കുകയാണ് . എന്റെ സുഹൃത്ത് കോശി അലക്സിന്റെ മകൻ ഐവിൻ കോശിയാണ് E-എഴുത്ത് മാസികയുടെ ചീഫ് എഡിറ്റർ . അവൻ എന്റെ നേതൃത്വത്തിലുള്ള പല ക്യാമ്പുകളിലും പങ്കെടുത്തിട്ടുള്ള കുട്ടിയാണ് . അവന്റെ സർഗപ്രവർത്തനങ്ങൾക്കും ഒപ്പം കറ്റാനം കറ്റാനം പോപ്പ് പയസ് സ്കുളിന്റെ മുഴുവൻ കുട്ടികളുടെ ഈ സർഗപ്രവർത്തനത്തിനു എന്റെ എല്ലാവിധ ആശംസകളും

അറിയിച്ചുകൊള്ളുന്നു . E-എഴുത്ത് മാസിക കുട്ടികൾക്കും കാലത്തിനും വളരെ പ്രയോജനപ്രദമാകട്ടെ എന്ന ആശംസിക്കുന്നു .

**-ഫ്രാൻസിസ്ടി.ടി.മാവേലിക്കര**

# എഡിറ്റോറിയൽ



സാങ്കേതിക വിദ്യയുടെ കുത്തൊഴുക്കിൽ നമ്മുടെ മലയാളം കുത്തിയൊലിച്ചു പോകുമോ എന്ന ഭയം ഒഴിഞ്ഞുപോകുന്ന കാഴ്ചകളാണെല്ലായിടത്തും .

ഇന്റർനെറ്റിൽ മലയാളം നിറയുകയാണ്.ബ്ലോഗും ഫേസ്ബുക്കും വാട്സാപ്പും എല്ലാം ഇതിന്റെ അനന്തസാധ്യതകൾ തുറന്നിടുകയാണ് .അക്ഷരങ്ങളെ സ്നേഹിക്കുന്നവർക്ക് വായനയുടെ പുത്തൻ ലോകം തുറക്കുകയായി .

1984 ൽ ആദ്യ ഓൺലൈൻ മാസിക പിറന്നു .പിന്നീട് ഒരു കുതിപ്പായിരുന്നു .ആ കുതിപ്പിൽ നമ്മളും ചേരുകയാണ്. അതിനു വഴിയൊരുക്കുന്നത് നമുക്കായി സർക്കാർ രൂപീകരിച്ച ലിറ്റിൽ കൈറ്റ്സ് എന്ന പ്രസ്ഥാനമാണ് .വിദ്യാർത്ഥി ലോകത്തെ എഴുത്തുകാർക്കും വായനക്കാർക്കും വേണ്ടിയാണു ഇത് .

കൂട്ടുകാരെ മാടിവിളിക്കുന്ന പലതരം ലഹരികൾ കലാലയത്തിലേക്കു പടരുകയാണ് .അത് മയക്കുമരുന്നുകൾ

പോലെയുള്ള ലഹരികൾ മാത്രമല്ല. അയൽക്കാരനെ സ്നേഹിക്കാൻ പഠിപ്പിക്കുന്നതിന്പകരം വെറുക്കാൻ പഠിപ്പിക്കുന്നത് കൂടിയാണ് .
അവിടെ മതസാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും പതാകവാഹകരാകാൻ നമുക്ക് കഴിയണം .
എഴുത്തുകാർ എന്നും ലോകത്തെ മുന്നോട്ട് നയിച്ചവരാണ് .അറിവിന്റെയും നന്മയുടെയും വഴികാട്ടിയവരാണ് .സംസ്കാരത്തെ അങ്കുരിപ്പിച്ചവരാണ് .കാലത്തേ മുന്നോട്ട് നയിക്കുന്ന പുത്തൻ മൺചിരാതുകൾ തെളിയിക്കാൻ നമുക്കാകുമെന്ന പ്രതീക്ഷയോടെ E-എഴുത്ത് സമർപ്പിക്കുന്നു .

**-ചീഫ് എഡിറ്റർ**

**ഐവിൻ കോശി**

# മണ്ണിന്റെ രോദനം

കവിത

പാശ്ചാത്യരീതിയിൽ ജീവിച്ചുതീരുവാൻ
നെട്ടോട്ടമോടുന്നു മർത്യരെല്ലാം .
വാരിയെറിഞ്ഞു മാലിന്യമെല്ലാം
മണ്ണിന്റെ നോവറിയാതെ നമ്മൾ
വസ്ത്രവും പാത്രവും എന്തിനേറെയിന്ന്
മാതാപിതാക്കളും ഡിസ്പോസിബിൾ
കുറനാം യന്ത്രത്തിന്
കൈകളാൽ മർത്യൻ
വാരി വിൽക്കുന്നു
അമൂല്യമാം മണ്ണിനെ
മണ്ണില്ല , മരമില്ല ,
കാട്ടിൽ മനുജന്
വേരുമില്ല , മഴയില്ല ,
കാടില്ല
കളകളം നീങ്ങുന്ന
നദികളില്ല
കത്തുന്ന പ്ലാസ്റ്റിക്കും ,
ഇന്ധനവും പിന്നെ
ചീറിയോടിടുന്ന വാഹനവും
കേൾക്കാം നമുക്കേറെ ദൂരെയല്ലാതൊരു



മണ്ണിന്റെ രോദനം തീ മഴയായ്
കാണാം നമുക്കൊരു കാത്തിരിപ്പും
കുടിനീരിനായുള്ളൊരു പോരാട്ടവും

**-ലെന മേരി സാം IX C**



# യുദ്ധക്കളം

കവിത

ഇനി വേണ്ട നമുക്കി ചോരപ്പുഴ
ഇനി വേണ്ട നമുക്കി രക്തക്കളം
കണ്ടു മടുത്തു നാം ഈ
രോദനം ... രോദനം ...

ഭൂമിതൻ മാറിലൂടെ ഒഴുകുന്നു
അമ്മയാം ഭൂമി നിലവിളിക്കുന്നു
എന്തിനീ കലഹം ...
എന്തിനീ രോദനം ...



പാടത്തൊപ്പിയണിഞ്ഞിതാ
ചാവേർപ്പടയെത്തുന്നു
ഇനി നിലവിളിയും
രോദനയും മാത്രം

എനിക്ക് കേൾക്കേണ്ട
ഈ ശബ്ദം
എനിക്ക് കേൾക്കേണ്ട ഈ
വെടിയൊച്ച തൻ ശബ്ദം

അടുത്തടുത്ത് വരുന്നു

ചാവേർപ്പട ...
ഭൂമിമാതാവേ ഇനിയും
മടിച്ചിരിക്കല്ലേ ...



നിഷ്കളങ്ക രക്തം
മണ്ണിൽ പതിഞ്ഞു
എൻ ഹൃദയം പിടഞ്ഞു
കാണുന്നില്ലേ ദൈവമേ നീ ...

**-സൂസൻ ബിനു IX C**



# ചിത

കവിത

ഞാനീക്കിടക്കുന്ന ചിതയിലാണ്
എന്റെ സങ്കടം വെന്തുരുകേണ്ടത്

ഞാനീക്കിടക്കുന്ന ചിതയിലാണ്
ഞാനാത്മനിർവൃതിയടയേണ്ടത്

ഈ ചിതയാണെന്റെ കുമ്പസാരം

ഈ ചിതയാണെന്റെ ഉത്തരം

ഈ ചിതയിലാണായിരം സ്വപ്നങ്ങളുള്ളത്

ഇനിയീ ലോകത്തെൻ ദുഖമില്ല

ഇനിയീ ലോകത്തെൻ സ്വപ്നങ്ങളില്ല

ഇനിയുള്ളത് എവിടേക്കോ ഒഴുകാനായ്
ഒരുപിടി ചാരം മാത്രം



**-ഐവിൻ കോശി IX B**

POPE PIUS XI HSS kattanam

# പൈൻ മരം പഠിച്ച പാഠം

കഥ

ഒരിടത്തൊരിടത്ത് പൈൻ മരം ഉണ്ടായിരുന്നു . അത് ഒരു ദിവസം ദൈവത്തോട് പ്രാർത്ഥിച്ചു . "ദൈവമേ എനിക്ക് മൂർച്ചയുള്ള ഇലകൾ തരാമോ ?".ദൈവം അതിന്റെ പ്രാർത്ഥന കേട്ടു .അതിനു മൂർച്ചയുള്ള ഇലകൾ കൊടുത്തു . പിറ്റേന്ന് അത് നോക്കുമ്പോൾ ദേഹം മുഴുവനും മൂർച്ചയുള്ള ഇലകൾ . അതിനു സന്തോഷമായി . പക്ഷെ കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അതിനു വീണ്ടും സങ്കടം വന്നു . കാരണം മൂർച്ചയുള്ള ഇലകൾ ആയതുകൊണ്ട് കിളികൾ ഒന്നും അതിൽ ഇരിക്കാൻ വരുന്നില്ല . അതിൽ ആരും



കൂടുകെട്ടാൻ വരുന്നില്ല അത് വീണ്ടും ദൈവത്തോട് പ്രാർത്ഥിച്ചു . "ദൈവമേ എനിക്ക് സ്വർണ ഇലകൾ തരാമോ...". ദൈവം വീണ്ടും അതിന്റെ പ്രാർത്ഥന കേട്ടു . പിറ്റേന്ന് അത് നോക്കിയപ്പോൾ അതിന്റെ ദേഹം മുഴുവൻ സ്വർണ ഇലകൾ കൊണ്ട്

നിറഞ്ഞിരിക്കുന്നു . അതിനു വളരെ സന്തോഷമായി പക്ഷേ ഒരു കള്ളൻ വന്നു അതിലെ ഇലകൾ മുഴുവൻ പറിച്ചുകൊണ്ടുപോയി . അതിനു സങ്കടമായി . അത് വീണ്ടും ദൈവത്തോട് പ്രാർത്ഥിച്ചു . "ദൈവമേ എനിക്ക് എന്റെ പഴയ ഇലകൾ തന്നെ മതി " എന്ന് പറഞ്ഞു ദൈവത്തോട് ക്ഷമ ചോദിച്ചു . ദൈവം അതിന്റെ പ്രാർത്ഥന കേട്ടു . പിറ്റേന്ന് അത് നോക്കിയപ്പോൾ അതിന്റെ പഴയ ഇലകൾ തന്നെ അതിനു ലഭിച്ചു . അത് ദൈവത്തോട് നന്ദി പറഞ്ഞു .

ഉള്ളതുകൊണ്ട് തൃപ്തിപ്പെടാൻ ശ്രമിക്കുക . അത്യാഗ്രഹം ആപത്തു എന്ന് മനസിലാക്കുക .

**-അയന ഷാജി IX C**



# അപ്പൂപ്പനും അമ്മൂമ്മയും ചാമ്പങ്ങായും

കഥ

ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു. അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി.ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക് ഇതാർക്കും കൊടുക്കേണ്ട.




അടുത്ത വീടുകളിലെ കുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം. " ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും

കണ്ടുകൊണ്ടിരിക്കും."അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു.അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്ത ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെ കണ്ടു കൊണ്ടിരുന്നു.
അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോ പറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി.
അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന് തല പുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മക്കൊരു ഒരു ബുദ്ധി തോന്നി. അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി താഴേക്കിടണം. ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം. ഞാൻ അതിനെ അടിച്ചു കൊല്ലാം." അപ്പൂപ്പൻ സമ്മതിച്ചു. അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ പുതച്ചു മൂടി ഇരുന്നു. അമ്മൂമ്മ ചാമ്പ മരത്തിന്റെ ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും മരപ്പട്ടി വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ ഇരുന്ന് ഉറങ്ങിപ്പോയി. ഉറങ്ങി മരത്തിൽ നിന്നു താഴേക്കു വീണു.
രാത്രിയല്ലേ അമ്മുമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളു! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച് അപ്പൂപ്പനെ

അടിയോടടി. അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. നിലവിളിക്കുന്ന ശബ്ദം കേട്ടപ്പോൾ അമ്മൂമ്മക്ക് തോന്നി."ഇത് മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വരം ആണല്ലോ ?" അമ്മൂമ്മ പുതപ്പു മാറ്റി നോക്കിയപ്പോൾ , അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി. പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻ തുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും സന്തോഷം തോന്നി.

നമ്മുക്കുള്ളത് മറ്റുള്ളവരുമായി പങ്കു വച്ചാൽ സന്തോഷം ഇരട്ടിയാകും ..... .

-ബ്രഹ്മാനന്ദ് IX B



# എന്റെ നാട്

കവിത

എത്രപേർ ത്യാഗം സഹിച്ച നാട്
എത്രപേർ പാടി പുകഴ്ന്ന നാട്
എന്റെ നാട് എന്റെ നാട് എന്റെ നാട് ...



ഭാരതം എന്നുമെൻ ജന്മനാട്
എത്രപേർ ജീവൻ കൊടുത്ത നാട്
എത്രയോ ജീവിതം തന്ന നാട്
വിപ്ലവ വീര്യം പകർന്ന നാട്
എത്രയോ കീർത്തി പരന്ന നാട്
എത്ര പ്രസിദ്ധമാണെന്റെ നാട്
എന്റെ നാട് എന്റെ നാട് എന്റെ നാട് ...

എന്നുമെൻ ഭാരത പുണ്യ നാട്

**-നേഹ മറിയം കോശി IX B**



# വെളിച്ചം

കവിത

വഴിത്താരയിൽ നടന്നുനീങ്ങുന്ന
ചിലർക്ക് വെളിച്ചമായി മാറാം ...
ഞാൻ തെളിച്ച മെഴുകുതിരികൾ കാറ്റിലണഞ്ഞു
പോകുമ്പോൾ



മിന്നാമിന്നിയെന്ന പോൽ പാറി നടന്ന്
ഇരുട്ടകറ്റാം നമുക്കൊന്നിച്ച് ...
ഭൂമിയിലെ  ഇരുട്ടകറ്റി മറ്റുള്ളവർക്ക്
ജ്വലിക്കുന്ന അഗ്നിയെ പോലെ പാറി നടന്ന്
സ്നേഹത്തിൻ പാനപാത്രം തേടുന്നവർക്കായി
കരയുന്ന ഭൂമിതൻ കണ്ണുനീർ തുടയ്ക്കാം
സൂര്യതിലകം ചാർത്തിവരുന്ന ഓരോ
പ്രഭാതവും വരവേൽക്കാം , നമുക്കൊന്നിച്ച്
പുലരിയണിയിച്ച വെളിച്ചത്തിന്റെ
വർണ്ണങ്ങളാകാം നമുക്കീ ഭൂമിക്കായ് ...

**-അനുഗ്രഹ ജെ IX B**



# പഴഞ്ചൊല്ലുകൾ



- ലക്ഷ്യം മാർഗത്തെ സാധൂകരിക്കുന്നു
- വരാനുള്ളതിനെ സ്വാഗതം ചെയ്യുക.പോവാനുള്ളത് പോവട്ടെ .
- രക്ഷയുള്ളിടത് ശിക്ഷയുമുണ്ട് .
- ക്ഷമിക്കുന്നവനെ കേഷാണിയും വണങ്ങും .
- ക്ഷമ സർവ്വമതഭൂഷണം .
- സമ്പത്ത് കാലത്ത് തൈ പത്ത് വെച്ചാൽ
- ആപത്ത്കാലത്ത് കാ പത്ത് തിന്നാം .
- സത്യസന്ധത ഏറ്റവും നല്ല നയം .

- സൂചി കൊണ്ടെടുക്കേണ്ടത് തൂമ്പ കൊണ്ട് എടുക്കരുത് .
- സൂക്ഷിച്ചാൽ ദുഖിക്കേണ്ട .
- ശക്തി മാത്രം പോരാ , യുക്തിയും വേണം .

# തിരയുന്നു ഞാൻ

കവിത

ഒരു പുതുനിലാവിന്റെ ആർദ്രത-

യിലെന്മനം മലരായ് വിരിഞ്ഞു നിൽക്കെ ,

വിടരാൻ കൊതിച്ചൊരു പൂമൊട്ട് വന്നെന്റെ ,

അരികിൽ വിതുമ്പി നിൽപ്പൂ !

മകരന്ദ മാധുരി തേടിവന്നെത്തിയ

ശലഭങ്ങൾ പാറിപ്പറന്നു പോകവേ

,

തിരികെ തിരികെ വരുമവയെന്നു

പറയുന്നൊരായിരം

പൂക്കാലമെങ്ങോ മറഞ്ഞു നിൽപ്പൂ !

ദാഹജലമില്ലാതെ വളരുന്ന

രസനയിലും ,



പല പേരിലായി വന്നു വീശുന്ന കാറ്റിലും ,

ഭൂമിതൻ മാറ് പിളർക്കുന്ന നേരത്ത്

നേർത്തൊരു വിങ്ങലായെത്തുന്ന ചൂടിലും ,

ഉരുകിയൊലിക്കുന്ന പാറതൻ ചൂടിലും ,

ദൂരയാർന്ന മാനവഹൃത്തിന്റെ ഉള്ളിലെ

രുധിരം കുടിക്കുന്ന നരിതൻ തിമർപ്പിലും

കരുണ മരിക്കുന്ന കുടലമാം ചിന്തയിലും

എവിടെയോ പൊയ്പ്പോയ ദീപ്തിസ്വപ്നത്തിലും

അലറുന്ന കടലിന്റെ മാറിലെ ചുഴികളിൽ

അമരുന്ന ജീവന്റെ രോധനത്തിയിലും

എവിടെയാണുണർവിതൻ പൂക്കാലമെവിടെ ?

തിരയുന്നു ഞാൻ വൃഥാ എന്നറിഞ്ഞിടിലും ...

**-നാസിയ.എൻ VIII A**



# എൻ ഗുരുവിനു കൂപ്പുകൈ

കവിത

ദൈവമാരെന്നും എന്തെന്നും
എനിക്ക് ചൊല്ലിത്തന്നപ്പോഴും
അറിവാകുന്ന ഓരോ
അക്ഷരത്തെയും
എനിക്ക് കാട്ടിതന്നപ്പോഴും



പച്ചമരത്തണലിലിരുത്തി
കഥകൾ പറയുമ്പോഴും
ഞാൻ അറിഞ്ഞിരിന്നുവോ
ഇതെൻ ദൈവമെന്ന്

ശിക്ഷിക്കുമ്പോളും ആ കണ്ണുകളിൽ

വാത്സല്യം നിറഞ്ഞിരുന്നു

എൻ വേദന കേൾക്കുമ്പോൾ

ആ ഹൃദയം പിടച്ചിരുന്നു

ആ മനസ്സിലെ വെളിച്ചത്തിൽ നിന്നും

ഒരുതിരി  വെട്ടം എനിക്കായ് മാറ്റി

വെച്ചപ്പോഴും ആ കാൽക്കൽ

തൊട്ടുതൊഴാൻ ഞാൻ മറന്നുപോയോ ?

# ENGLISH

# MEASUREMENTS

## Volume

1 liter = 1000 milliters

10 liters = 1 decaliter

1 liter = 100 centiliters

100 liters = 1 hectaliter

1 liter = 10 deciliters

1000 liters = 1 kiloliter



# LENGTH

| | |
|---|---|
| 1 kilometer | = 1000. meters |
| | = 0.62137 mile |
| 1 meter | = 100. centimeters |
| 1 centimeter | = 10. millimeters |
| 1 nanometer | = $1.00 \times 10^{-9}$ meters |
| 1 picometer | = $1.00 \times 10^{-12}$ meters |
| 1 inch (exact) | = 2.54 centimeters |
| 1 Ångstrom | = $1.00 \times 10^{-10}$ meters |



# Mass

1 kilogram = 1000. grams

1 gram = 1000. milligrams

1 pound = 453.59237 grams

= 16 ounces

1 ton = 2000. pounds



# light out

I have come to the borders of sleep,

the unfathomable deep

forest were all must lose

there way however straight ,

or winding soon or late ;

they cannot choose



there is not any book

the face of dearest look

that i would not turn from now

to go into the unknown

i must enter and leave alone

i know not how

-sneha XI E

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ E-എഴുത്ത് എന്ന
മാഗസീൻ പൂർത്തീകരിക്കുവാൻ ഞങ്ങളെ സഹായിച്ച
ലിറ്റിൽ കൈറ്റ്സ് മാസ്റ്റേഴ്സ് , റിനി ടീച്ചറിനും ഷൈൻ
ബാബു ടീച്ചറിനും നന്ദി രേഖപ്പെടുത്തുന്നു

-ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ